(ഡി) പൊതുമേഖലാ സ്ഥാപനങ്ങളിൽ 30-6-2003-ലെ സ്ഥിതി അനുസരിച്ച് സ്ഥിരം ഒഴിവുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നിയമിച്ചിട്ടുള്ള എസ്.എൽ.ആർ. തൊഴിലാളികൾ ഉൾപ്പെടെയുള്ളവരുടെ സേവനം റഗുലറൈസ് ചെയ്യരുതെന്നും സ്ഥിരം ഒഴിവുകളിൽ പി.എസ്.സി. വഴി നിയമനം നടത്തണമെന്നും നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) സർക്കാർ ഉത്തരവ് നമ്പർ 572/02/ധന. തീയതി 24-9-2002 പ്രകാരം ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അനുമതിയോടെ മാത്രമേ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ടു ചെയ്യാൻ പാടുള്ളൂ. വ്യയനിയന്ത്രണ ഉത്തരവുകൾ പൊതുമേഖലാ സ്ഥാപനങ്ങൾക്കും ബാധകമായതിനാൽ ഒഴിവുകൾ നികത്തുവാൻ വേണ്ട അനുമതി പൊതുമേഖലാ സ്ഥാപനങ്ങൾക്കും ആവശ്യമാണ്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) നിർദ്ദേശം പരിഗണിച്ചുവരുന്നു.

(ഡി) നിർദ്ദേശം പരിഗണനയിലാണ്.

സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും വിരമിക്കുന്നവർ

89 [5825] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ചു വർഷങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ സർവ്വീസിൽ നിന്നും പ്രതിവർഷം എത്ര പേർ വിരമിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാർ/പൊതുമേഖല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ സർവ്വീസിൽ നിന്നും വിരമിച്ചത്ര പേരാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ കാലയളവിൽ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും എത്രപേർ വിരമിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചുവരികയാണ്.

സർവ്വീസിൽ തിരിച്ചെടുക്കുന്നതിന് വേണ്ടിയുള്ള നിവേദനം

90 [5828] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കണമെന്ന വയനാട് മേപ്പാടി പോലീസ് സ്റ്റേഷനിലെ വനിതാ കോൺസ്റ്റബിൾ ശ്രീമതി വിനയയുടെ നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്;

(സി) സർവ്വീസിൽ നിന്നും ഇവരെ പിരിച്ചുവിട്ടതിനുള്ള കാരണം വ്യക്തമാക്കാമോ;

(ഡി) പിരിച്ചുവിടലിന് മുമ്പ് മതിയായ നോട്ടീസ് നൽകിയിരുന്നുവോ;

(ഇ) ശ്രീമതി വിനയ ഉന്നയിച്ചിരുന്ന പ്രശ്നം എന്തായിരുന്നു;

(എഫ്) ഇതു സംബന്ധിച്ച് നിയമസഭ സബ്ജറ്റ് കമ്മിറ്റി ഏതെങ്കിലും ശുപാർശ നടത്തിയിരുന്നുവോ;

(ജി) പ്രസ്തുത ശുപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ, ബി) ഉണ്ട്. ആയത് വിശദമായി പരിശോധിച്ചു വരുന്നു.

(സി) 33-ാമത് കേരള പോലീസ് അത്‌ലറ്റിക് മീറ്റ് നടന്നുകൊണ്ടിരിക്കുമ്പോൾ മത്സരത്തിൽ പങ്കെടുക്കുന്ന വനിതകൾക്ക് മാത്രമായി പ്രത്യേക സ്കോർ ബോർഡ് വയ്ക്കുകയോ, അല്ലെങ്കിൽ അതാത് ജില്ലകൾക്ക് ലഭിച്ച പോയിന്റിനൊപ്പം പ്രത്യേകം പോയിന്റ് രേഖപ്പെടുത്തുകയോ ചെയ്യണമെന്ന് ആവശ്യപ്പെട്ട് തലേദിവസം അതായത് 23-3-2002-ന് സമർപ്പിച്ച പരാതിയിൻമേൽ തീരുമാനമെടുക്കാത്തതുകാരണം ആയതിൻമേൽ തീരുമാനമെടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ട്രാക്കിൽ അതിക്രമിച്ചു കടന്ന് മത്സരങ്ങൾ തടസ്സപ്പെടുത്തുകയാണെന്ന് പറഞ്ഞ് ഫിനിഷിംഗ് പോയിന്റിൽ ചേർന്ന് കിടന്ന് തടസ്സം സൃഷ്ടിക്കുകയും, കൂടാതെ മേലുദ്യോഗസ്ഥൻമാർക്കെതിരെ മുദ്രാവാക്യങ്ങൾ മുഴക്കുകയും, ഗ്രൗണ്ടിൽ നിന്നും പോകാത്തതിനാൽ ടിയാളെ അറസ്റ്റ് ചെയ്യുകയും കണ്ണൂർ ടൗൺ പോലീസ് [illegible] 245/02, 447 ഐ. പി. സി. ആന്റ് 35 ആർ/ഡബ്ലിയു കെ. ഐ. പി. ആക്ട് പ്രകാരം ക്രൈം കേസിൽ പ്രതിയാവുകയും ചെയ്യുക വഴി കുറ്റാരോപിത, പോലീസ് സേനയുടെ സൽപേരിന് കളങ്കം വരുത്തുകയും ഗുരുതരമായ അച്ചടക്ക ലംഘനവും പെരുമാറ്റ ദൂഷ്യവും കാണിച്ചു എന്നതാണ് പിരിച്ചുവിടുവാനുള്ള കാരണം.

(ഡി) [illegible]കിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) മത്സരത്തിൽ പങ്കെടുക്കുന്ന വനിതാ പോലീസുകാർക്ക് മാത്രമായി പ്രത്യേക സ്കോർബോർഡ് വെയ്ക്കുകയോ, അല്ലെങ്കിൽ അതാത് ജില്ലകൾക്ക് ലഭിച്ച പോയിന്റിനോടൊപ്പം പ്രത്യേകം രേഖപ്പെടുത്തുകയോ ചെയ്യണമെന്ന ആവശ്യമാണ് ഉന്നയിച്ചിരുന്നത്.

(എഫ്) ഇത് സംബന്ധിച്ച് നിയമസഭാ സബ്ജക്റ്റ് കമ്മിറ്റിയുടെ ശുപാർശ സർക്കാരിന് ലഭിച്ചതായി കാണുന്നില്ല.

(ജി) ഉത്തരം എഫ്-ന്റെ അടിസ്ഥാനത്തിൽ ബാധകമല്ല.

ട്രാഫിക് നിയന്ത്രണം കാര്യക്ഷമമാക്കാൻ നടപടി

91 [5838] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൻ നഗരങ്ങളിൽ വർദ്ധിച്ചുവരുന്ന വാഹനത്തിരക്കനുസരിച്ച് ട്രാഫിക് നിയന്ത്രണം കാര്യക്ഷമമാക്കാൻ ട്രാഫിക് പോലീസിന് കഴിയുന്നില്ല എന്ന കാര്യം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തുനടപടിയാണ് സ്വീകരിച്ചത്;

(സി) വർദ്ധിച്ചുവരുന്ന ട്രാഫിക് അപകടം ഒഴിവാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) ട്രാഫിക് പോലീസിന്റെ ജോലിഭാരം കൂടുതലാണെങ്കിലും നിലവിലുള്ള പോലീസുകാരെ ഉപയോഗിച്ച് പരമാവധി കാര്യക്ഷമമായി ട്രാഫിക് നിയന്ത്രണം നടത്തുന്നുണ്ട്.

(സി) ട്രാഫിക് അപകടങ്ങൾ തടയുന്നതിന്റെ ഭാഗമായി നാഷണൽ ഹൈവേയിലും എം. സി. റോഡിലും 24 മണിക്കൂറും റെയ്ഞ്ച് ഡി.ഐ.ജി.-മാരുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ ഹൈവേ പോലീസ് പാർട്ടികളെ നിയോഗിച്ച് വാഹന അപകടങ്ങൾ തടയുന്നതിനും പരിക്കു പറ്റുന്ന വ്യക്തികളുടെ മെഡിക്കൽ സൗകര്യം ഉറപ്പു വരുത്തുകയും ചെയ്യുന്നതിനുവേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. റോഡ് ഉപഭോക്താക്കളെ റോഡ് നിയമങ്ങളെക്കുറിച്ച് ബോധവൽക്കരിച്ചും നിയമലംഘകരെ തങ്ങൾ കാണിച്ച തെറ്റിനെക്കുറിച്ച് പറഞ്ഞ് മനസ്സിലാക്കിക്കൊടുക്കുകയും ഇത്തരം ബോധവൽക്കരണ ക്ലാസ്സുകൾ മുൻകൂട്ടി തയ്യാറാക്കിയ പ്രോഗ്രാം പ്രകാരം എല്ലാ ജില്ലകളിലും ആരംഭിച്ചു കഴിഞ്ഞു. അതിൻപ്രകാരം ബോധവൽക്കരണത്തിന്റെ ഭാഗമായി ലഘുരേഖകൾ വിതരണം ചെയ്തും ദൃശ്യമാധ്യമങ്ങൾ വഴി പ്രചരണം നടത്തുവാൻ പദ്ധതിയുണ്ട്. കൂടാതെ മോഡനൈസേഷന്റെ ഭാഗമായി വാഹന അപകടങ്ങൾ തടയുന്നതിനുള്ള യന്ത്രസാമഗ്രികൾ വാങ്ങുന്നതിനുള്ള നടപടിയും നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly